## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.475 27.02.2018-ലെ മറുപടിയ്ക്ക്

## ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ.യു. ആർ. പ്രദീപ്**<br>**,, കെ. ആൻസലൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ കായികതാരങ്ങളുടെ മികവ് വർദ്ധിപ്പിക്കുന്നതിനായി കേരള സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2020,2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 (പതിനൊന്ന്) കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനു ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി "<br>അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ് എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും, ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് കൊല്ലത്തും ഫെൻസിംഗിന് കണ്ണൂരും റോവിംഗിന് ആലപ്പുഴയും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്നത്. 11 കായിക ഇനങ്ങളിലായി ഏകദേശം 210 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.<br>2018 ഏപ്രിൽ 1-ന് പരിശീലന പരിപാടികൾ ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം കായികയിനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) | അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി. |
| (സി) | പരിശീലനത്തിന് കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നതിന് സ്പോർട്സ് കൗൺസിൽ എന്തെല്ലാം നിബന്ധനകളാണ് നിർദ്ദേശിച്ചിട്ടുള്ളത്; | (സി) | അന്തർദേശീയ, ദേശീയ, സംസ്ഥാന മത്സരങ്ങളിലെ പ്രകടനങ്ങളുടെ അടിസ്ഥാനത്തിലും കായിക ക്ഷമതയുടെ അടിസ്ഥാനത്തിലും, അതാത് കായിക അസോസിയേഷനുകൾ മുഖേനയാണ് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നത്. |
| (ഡി) | ഓപ്പറേഷൻ ഒളിമ്പ്യയുടെ പരിശീലകരെയും, വെന്യൂ അസിസ്റ്റന്റുമാരെയും നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | മുൻഅന്തർ ദേശീയ താരങ്ങളെയും, അന്തർദേശീയ, ദേശീയ, സംസ്ഥാന തലത്തിൽ പ്രവർത്തിയ്ക്കുന്ന പരിശീലകരെയുമാണ് ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൻ കീഴിൽ പരിശീലകരായി പരിഗണിയ്ക്കുന്നത്.<br>കായിക രംഗത്ത് കുറഞ്ഞത് 2 വർഷം പ്രവർത്തി പരിചയമുള്ള ബിരുദധാരികളെയാണ് വെന്യൂ അസിസ്റ്റന്റായി പരിഗണിയ്ക്കുന്നത്. |

**സെക്ഷൻ ഓഫീസർ**